"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കോവിഡ് - 19 കാലഘട്ടത്തിൽ പ്രവർത്തിച്ച് വരുന്ന പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് ഇൻസെന്റീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1615/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 07/09/2020

പരാമർശം:- 1 സ.ഉ (സാധാ) നം. 846/2020/ആകുവ തീയതി 07.05.2020.

2 പഞ്ചായത്ത് ഡയറക്ടറുടെ 25.06.2020 ലെ PAN/7780/2020-J6(DP) നം. കത്ത്

**<u>ഉത്തരവ്</u>**

കോവിഡ് - 19 കാലഘട്ടത്തിൽ പ്രവർത്തിച്ചു വരുന്ന പാലിയേറ്റീവ് കമ്മ്യൂണിറ്റി നഴ്സുമാർക്ക് ഇൻഷുറൻസോ, ഇൻസെന്റീവോ ലഭ്യമാക്കിയിട്ടില്ലെന്നും എൻ.എച്ച്.എം ജീവനക്കാർക്കും ആശാ വർക്കേഴ്സിനും ഇൻസെന്റീവ് ലഭ്യമാക്കിയ സാഹചര്യത്തിൽ പാലിയേറ്റീവ് നഴ്സുമാർക്കും ഇൻസെന്റീവ് നൽകുന്നതിനാവശ്യമായ പരിഗണന ഉണ്ടാകണമെന്ന് പാലിയേറ്റീവ് നഴ്സുമാരുടെ സംഘടന സർക്കാരിൽ സമർപ്പിച്ച നിവേദനത്തിൽ അഭ്യർത്ഥിച്ചു.

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ പരാമർശം (1) ഉത്തരവ് പ്രകാരം ആശ വർക്കർമാർക്ക് COVID 19 പ്രവർത്തനങ്ങൾക്കുള്ള അധിക ഇൻസെന്റീവ് ആയി പ്രതിമാസം 1000/- രൂപ 2020 ജനുവരി മുതൽ ജൂൺ മാസം വരെ അനുവദിച്ചിട്ടുണ്ട്. കോവിഡ് - 19 കാലഘട്ടത്തിൽ അധികശ്രദ്ധ നൽകേണ്ട ക്യാൻസർ രോഗികൾ, വൃക്ക സംബന്ധമായ പ്രശ്നങ്ങൾ ഉള്ളവർ, കിടപ്പ് രോഗികൾ തുടങ്ങിയവർക്ക് വീടുകളിൽ എത്തി ആവശ്യമായ ചികിൽസയും പരിചരണവും പാലിയേറ്റീവ് കെയർ നഴ്സുമാർ നൽകുകയുണ്ടായിയെന്നും കോവിഡ് - 19 വ്യാപന സമയത്ത് ടി വിഭാഗം ജീവനക്കാർ കൃത്യമായ ഫീൽഡ് പ്രവർത്തനം നടത്തിയിട്ടുള്ളതായും പ്രസ്തുത സാഹചര്യത്തിൽ കോവിഡ് - 19 കാലഘട്ടത്തിൽ പ്രവർത്തിച്ച പാലിയേറ്റീവ് കെയർ നഴ്സുമാർക്കും ഇൻസെന്റീവ് അനുവദിക്കുന്ന കാര്യം സർക്കാർ തലത്തിൽ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കോവിഡ് - 19 കാലഘട്ടത്തിൽ പ്രവർത്തിച്ചു വരുന്ന എൻ.എച്ച്.എം ജീവനക്കാർക്കും ആശാ വർക്കർമാർക്കും ഇൻസെന്റീവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ പാലിയേറ്റീവ് കെയർ നഴ്സുമാരെ കോവിഡ് പ്രവർത്തനത്തിനായി നിയോഗിച്ചിട്ടില്ല. എന്നിരുന്നാലും കോവിഡ് - 19 കാലഘട്ടത്തിൽ അധികശ്രദ്ധ നൽകേണ്ട ക്യാൻസർ രോഗികൾ, വൃക്ക സംബന്ധമായ പ്രശ്നങ്ങൾ ഉള്ളവർ, കിടപ്പ് രോഗികൾ തുടങ്ങിയവർക്ക് വീടുകളിൽ എത്തി ആവശ്യമായ ചികിൽസയും പരിചരണ പ്രവർത്തനവും നടത്തിയിട്ടുള്ള സാഹചര്യത്തിൽ പാലിയേറ്റീവ് കെയർ നഴ്സുമാർക്കും ഇൻസെന്റീവ് അനുവദിക്കാൻ അർഹത ഉള്ളതായി കാണുന്നു.

മേൽ സാഹചര്യത്തിൽ കോവിഡ് - 19 കാലഘട്ടത്തിൽ പ്രവർത്തിച്ച് വരുന്ന സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് 2020 മാർച്ച് മാസം മുതൽ ആറു മാസത്തേയ്ക്ക് പ്രതിമാസം 1000/- രൂപ ഇൻസെന്റീവ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ ബി**
**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം., തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/52/2020-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ